## മധുരമായ കുട്ടികളെ - വിനാശി ശരീരങ്ങളെ സ്നേഹിക്കാതെ അവിനാശി ബാബയെ സ്നേഹിക്കൂ എങ്കിൽ കരച്ചിലിൽ നിന്ന് മുക്തമാകും

**ചോദ്യം:-** അസാത്വീകമായ സ്നേഹം എന്താണ് അതിന്റെ പരിണാമം എന്താണ്?
**ഉത്തരം:-** വിനാശീ ശരീരങ്ങളിൽ മോഹം വയ്ക്കുക അസാത്വീകമായ സ്നേഹമാണ്. ആരാണോ വിനാശീ വസ്തുക്കളിൽ മോഹം വയ്ക്കുന്നത് അവർ കരയുന്നു. ദേഹ അഭിമാനം കാരണമാണ് കരച്ചിൽ വരുന്നത്. സത്യയുഗത്തിൽ എല്ലാവരും ആത്മാഭിമാനികളാണ്, അതുകൊണ്ട് കരച്ചിലിന്റെ കാര്യം തന്നെയില്ല. ആരാണോ കരയുന്നത് അവർ നഷ്ടപ്പെടുത്തുന്നു. അവിനാശീ ബാബയുടെ അവിനാശീ കുട്ടികൾക്ക് ഇപ്പോൾ ശിക്ഷണം ലഭിക്കുന്നു, ദേഹീ-അഭിമാനിയാകൂ എങ്കിൽ കരച്ചിലിൽ നിന്ന് മുക്തമാകും.

**ഓം ശാന്തി**. ഇത് കുട്ടികൾക്ക് തന്നെ അറിയാം അതായത് ആത്മാവും അവിനാശിയാണ് ബാബയും അവിനാശിയാണ്, അപ്പോൾ ആരെ സ്നേഹിക്കണം? അവിനാശി ആത്മാവിനെ. അവിനാശിയായതിനെ മാത്രം സ്നേഹിക്കണം. വിനാശീ ശരീരത്തെ ഒട്ടും സ്നേഹിക്കരുത്. മുഴുവൻ ലോകവും വിനാശിയാണ്, ഓരോ വസ്തുവും വിനാശിയാണ്, ഈ ശരീരം വിനാശിയാണ്, ആത്മാവ് അവിനാശിയാണ്. ആത്മാവിന്റെ സ്നേഹം അവിനാശിയാണ്. ആത്മാവ് ഒരിക്കലും മരിക്കുന്നില്ല, അതിനെ സത്യമെന്നാണ് പറയുന്നത്. ബാബ പറയുന്നു നിങ്ങൾ അസാത്വീകരായി മാറിയിരിക്കുന്നു. വാസ്തവത്തിൽ അവിനാശിയുടെ സ്നേഹം അവിനാശിയോടായിരിക്കണം. നിങ്ങളുടെ സ്നേഹം വിനാശീ ശരീരത്തോടായിരിക്കുന്നു അതുകൊണ്ടാണ് കരയേണ്ടി വരുന്നത്. അവിനാശിയോട് സ്നേഹമില്ല. സ്നേഹം വിനാശിയോടായത് കാരണമാണ് കരയേണ്ടി വരുന്നത്. ഇപ്പോൾ നിങ്ങൾ സ്വയത്തെ അവിനാശീ ആത്മാവെന്ന് മനസ്സിലാക്കുന്നു അതുകൊണ്ട് കരയുന്ന കാര്യം തന്നെയില്ല കാരണം ആത്മ-അഭിമാനിയാണ്. അതുകൊണ്ട് ബാബ ഇപ്പോൾ നിങ്ങളെ ആത്മ-അഭിമാനിയാക്കുന്നു. ദേഹ-അഭിമാനിയാകുന്നതിലൂടെ കരയേണ്ടി വരുന്നു. വിനാശീ ശരീരത്തിന് പിറകെ കരയുന്നു. മനസ്സിലാക്കുന്നുമുണ്ട് ആത്മാവ് മരിക്കുന്നില്ല. ബാബ പറയുന്നു സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കൂ. നിങ്ങൾ അവിനാശീ ബാബയുടെ കുട്ടികൾ അവിനാശീ ആത്മാക്കളാണ്, നിങ്ങൾക്ക് കരയേണ്ട ആവശ്യമില്ല. ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് പോയി അടുത്ത ഭാഗം അഭിനയിക്കുന്നു. ഇതാണെങ്കിൽ കളിയാണ്. നിങ്ങൾ എന്തിനാണ് ശരീരത്തിൽ മമത്വം വയ്ക്കുന്നത്. ദേഹ സഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളിൽ നിന്നും ബുദ്ധിയോഗം വേർപെടുത്തൂ. സ്വയം അവിനാശീ ആത്മാവെണെന്ന് മനസ്സിലാക്കൂ. ആത്മാവ് ഒരിക്കലും മരിക്കുന്നില്ല. പാട്ടുമുണ്ട് ആര് കരഞ്ഞോ അവർ കളഞ്ഞു. ആത്മ- അഭിമാനിയാകുന്നതിലൂടെ തന്നെ യോഗ്യരായി തീരും. അതുകൊണ്ട് ബാബ വന്ന് ദേഹ-അഭിമാനിയിൽ നിന്നും ആത്മ-അഭിമാനിയാക്കുന്നു. പറയുന്നു നിങ്ങൾ എങ്ങനെ മറന്നിരിക്കുന്നു. ജന്മ-ജന്മാന്തരം നിങ്ങൾക്ക് കരയേണ്ടി വരുന്നു. ഇപ്പോൾ വീണ്ടും നിങ്ങൾക്ക് ആത്മ-അഭിമാനിയാകുന്നതിനുള്ള അറിവ് ലഭിക്കുന്നു. പിന്നീട് നിങ്ങൾ ഒരിക്കലും കരയുകയേയില്ല. ഇതാണ് കരയുന്ന ലോകം, അതാണ് പുഞ്ചിരിക്കുന്ന ലോകം. ഇത് ദുഃഖത്തിന്റെ ലോകം, അത് സുഖത്തിന്റെ ലോകം. ബാബ വളരെ നല്ല രീതിയിൽ അറിവ് നൽകുന്നു. അവിനാശീ ബാബയുടെ അവിനാശീ കുട്ടികൾക്കാണ് ശിക്ഷണം ലഭിക്കുന്നത്. മനുഷ്യർ ദേഹ-അഭിമാനികളായതുകൊണ്ട് ദേഹത്തെ തന്നെ നോക്കിയാണ് പഠിപ്പ് നൽകുന്നത്. അപ്പോൾ ദേഹത്തിന്റെ ഓർമ്മ വരുന്നതിലൂടെ കരയുന്നു. ശരീരം നശിച്ചുപോകുന്നത് കാണുന്നുണ്ട് വീണ്ടും അതിനെ ഓർമ്മിക്കുന്നതിലൂടെ എന്ത് പ്രയോജനമാണുള്ളത്. എന്താ മണ്ണിനെ ഓർമ്മിക്കുമോ? അവിനാശീ വസ്തുപോയി അടുത്ത ശരീരം എടുത്തു.

ഇത് കുട്ടികൾക്കറിയാം - ആരാണോ നല്ല കർമ്മം ചെയ്യുന്നത്, അവർക്ക് പിന്നീട് ശരീരവും നല്ലത് ലഭിക്കുന്നു. ചിലർക്ക് മോശമായ രോഗീ ശരീരം ലഭിക്കുന്നു, അതും കർമ്മമനുസരിച്ചാണ്. എന്ന് വെച്ച് നല്ല കർമ്മം ചെയ്താൽ മുകളിലേക്ക് പോകുമെന്നല്ല. അങ്ങനെയല്ല, മുകളിലേക്ക് ആർക്കും പോകാൻ സാധിക്കില്ല. നല്ല കർമ്മം ചെയ്തിട്ടുണ്ടെങ്കിൽ നല്ലവനെന്ന് പറയും. ജന്മവും നല്ലത് ലഭിക്കും എങ്കിലും താഴേക്ക് ഇറങ്ങുക തന്നെ വേണം. നിങ്ങൾക്കറിയാം നമ്മൾ എങ്ങനെയാണ് കയറുന്നതെന്ന്. ഇനി നല്ല കർമ്മത്തിലൂടെ ആരെങ്കിലും മഹാത്മാവാകാം എന്നാലും കല കുറയുക തന്നെ ചെയ്യും. ബാബ പറയുന്നു എന്നാലും ഈശ്വരനെ ഓർമ്മിച്ച് നല്ല കർമ്മം ചെയ്യുകയാണെങ്കിൽ അവർക്ക് അൽപകാല ക്ഷണഭംഗുര സുഖം നൽകുന്നു. എന്നാലും പടി താഴേക്ക് ഇറങ്ങുക തന്നെ വേണം. പേര് നല്ലതാകും. ഇവിടെയാണെങ്കിൽ മനുഷ്യർ നല്ല കർമ്മമെന്താണ് മോശകർമ്മമെന്താണ് എന്ന് പോലും അറിയുന്നില്ല. മാന്ത്രികർക്ക് എത്ര ആദരവാണ്. അവരുടെ പിറകെ മനുഷ്യരുടെ ബഹളമാണ്. എല്ലാം അജ്ഞാനമാണ്. കരുതൂ ആരെങ്കിലും

പരോക്ഷമായി ദാന-പുണ്യം ചെയ്യുന്നു, ധർമ്മശാല, ആശുപത്രി ഉണ്ടാക്കുന്നു. അപ്പോൾ അടുത്ത ജന്മത്തിൽ തീർച്ചയായും അതിന്റെ പ്രിതിഫലം ലഭിക്കുന്നു. ബാബയെ ഓർമ്മിക്കുന്നുണ്ട്, ഇനി നിന്ദകളും ചെയ്യുന്നുണ്ടെങ്കിലും വായിലൂടെ ഭഗവാന്റെ പേര് പറയുന്നു. അജ്ഞാനം കാരണം ബാക്കി ഒന്നും അറിയുന്നില്ല. ഭഗവാനെ ഓർമ്മിച്ച് രുദ്ര പൂജ ചെയ്യുന്നുണ്ട്, രുദ്രനെ ഭഗവാനെന്ന് മനസ്സിലാക്കുന്നു. രുദ്ര യജ്ഞം രചിക്കുന്നു. ശിവന്റെ അഥവാ രുദ്രന്റെ പൂജ ചെയ്യുന്നു. ബാബ പറയുന്നു എന്റെ പൂജ ചെയ്യുന്നുണ്ട് എന്നാൽ വിവേകമില്ലാതെ എന്തെന്തൊക്കെയാണ് ഉണ്ടാക്കുന്നത്, എന്തെന്തൊക്കെയാണ് ചെയ്യുന്നത്. മനുഷ്യർ എത്രയുണ്ടോ അത്രയും അവർക്ക് ഗുരുക്കൻമാരുമുണ്ട്. വൃക്ഷത്തിൽ പുതിയ-പുതിയ ഇലകൾ, ചില്ലകൾ-ശാഖകൾ തുടങ്ങിയവ വരുമ്പോൾ അവ എത്ര ശോഭയുള്ളതായിരിക്കും. സതോഗുണിയായതു കാരണം അതിന്റെ മഹിമയുണ്ടാകുന്നു. ബാബ പറയുന്നു ഈ ലോകം തന്നെ വിനാശീ വസ്തുക്കളെ സ്നേഹിക്കുന്നവരുടേതാണ്. ചില-ചില ആളുകൾക്ക് വളരെ സ്നേഹമുണ്ടാകുകയാണെങ്കിൽ മോഹത്തിൽ ഭ്രാന്തനെപ്പോലെയാകുന്നു. വലിയ-വലിയ സേട്ടുമാർ മോഹത്തിന് വശപ്പെട്ട് ഭ്രാന്തൻമാരാകുന്നു. മാതാക്കൾക്ക് ജ്ഞാനമില്ലാത്തത് കാരണം വിനാശീ ശരീരത്തിന് പിറകെ വിധവയായി എത്രയാണ് കരയുന്നത്, ഓർമ്മിച്ചുകൊണ്ടേയിരിക്കുന്നു. ഇപ്പോൾ നിങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി മറ്റുള്ളവരെയും ആത്മാവായി കാണുന്നു അതുകൊണ്ട് അൽപം പോലും ദുഃഖമുണ്ടാകുന്നില്ല. പഠിത്തത്തെ വരുമാനത്തിനുള്ള ഉറവിടം എന്നാണ് പറയാറുള്ളത്. പഠിത്തത്തിൽ ലക്ഷ്യവും ഉണ്ടായിരിക്കും. എന്നാൽ അത് ഒരു ജന്മത്തേക്ക് വേണ്ടിയാണ്. ഗവൺമെന്റിൽ നിന്ന് ശമ്പളം ലഭിക്കുന്നു. പഠിച്ച് ജോലിവേല ചെയ്യുന്നു, അപ്പോൾ പൈസ മുതലായവ ലഭിക്കുന്നു. ഇവിടെയാണെങ്കിൽ കാര്യംതന്നെ പുതിയതാണ്. നിങ്ങൾ അവിനാശീ ജ്ഞാന രത്നങ്ങളാൽ സഞ്ചി എങ്ങനെയാണ് നിറക്കുന്നത്. ആത്മാവ് മനസ്സിലാക്കുന്നു ബാബ നമുക്ക് അവിനാശീ ജ്ഞാന ഖജനാവ് നൽകുന്നു. ഭഗവാൻ പഠിപ്പിക്കുന്നു അപ്പോൾ തീർച്ചയായും ഭഗവാൻ-ഭഗവതിയാക്കി തന്നെ മാറ്റും. എന്നാൽ വാസ്തവത്തിൽ ഈ ലക്ഷ്മീ- നാരായണനെ ഭഗവാൻ-ഭഗവതിയെന്ന് മനസ്സിലാക്കുന്നത് തെറ്റാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം -ഹൊ, നമ്മൾ ദേഹ-അഭിമാനിയാകുമ്പോൾ എത്രയാണ് നമ്മുടെ ബുദ്ധി തരംതാഴുന്നത്. ബുദ്ധി മൃഗത്തിന്റേത് പോലെയാകുന്നു. മൃഗങ്ങളുടെ പരിചരണം പോലും വളരെ നന്നായി നടക്കുന്നുണ്ട്. മനുഷ്യരുടേതാണെങ്കിൽ യാതൊന്നുമില്ല. പന്തയക്കുതിര മുതലായവയെ എത്രയാണ് പരിപാലിക്കുന്നത്. ഇവിടുത്തെ മനുഷ്യരുടേത് നോക്കൂ എന്താണവസ്ഥ. നായയെ എത്ര സ്നേഹത്തോടെയാണ് സംരക്ഷിക്കുന്നത്. സ്നേഹിച്ചുകൊണ്ടേയിരിക്കുന്നു. കൂടെ ഉറക്കുക പോലും ചെയ്യുന്നു. നോക്കൂ ലോകത്തിന്റെ അവസ്ഥ എന്തായിരിക്കുന്നു. അവിടെ സത്യയുഗത്തിൽ ഇത്തരം ജോലി ഉണ്ടായിരിക്കില്ല.

അതുകൊണ്ട് ബാബ പറയുന്നു - കുട്ടികളെ മായാ രാവണൻ നിങ്ങളെ അധാർമ്മികരാക്കിയിരിക്കുന്നു. അധർമ്മത്തിന്റെ രാജ്യമല്ലേ. മനുഷ്യൻ അധർമ്മിയെങ്കിൽ മുഴുവൻ ലോകവും അധർമ്മത്തിന്റേതാകുന്നു. സത്യത്തിന്റെയും അസത്യത്തിന്റെയും ലോകത്തിൽ നോക്കൂ വ്യത്യാസം എത്രയാണ്! കലിയുഗത്തിന്റെ അവസ്ഥ നോക്കൂ എന്താണ്! ഞാൻ സ്വർഗ്ഗം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ് അപ്പോൾ മായയും തന്റെ സ്വർഗ്ഗം കാണിക്കുന്നു, പ്രലോഭിപ്പിക്കുന്നു. കൃത്രിമമായ ധനം എത്രയാണ്. കരുതുന്നു ഞങ്ങൾ ഇവിടെ തന്നെ സ്വർഗ്ഗത്തിലാണ് ഇരിക്കുന്നത്. സ്വർഗ്ഗത്തിൽ ഒരിക്കലും ഇത്രയും ഉയരമുള്ള 100 നില കെട്ടിടമൊന്നും ഉണ്ടായിരിക്കില്ല. എങ്ങനെ എങ്ങനെയെല്ലാമാണ് കെട്ടിടങ്ങൾ അലങ്കരിക്കുന്നത്, അവിടെയാണെങ്കിൽ രണ്ട് നിലക്കെട്ടിടം പോലും ഉണ്ടായിരിക്കില്ല. മനുഷ്യർ വളരെ കുറവായിരിക്കും. ഇത്രയും ഭൂമി നിങ്ങൾ എന്ത് ചെയ്യും. ഇവിടെ ഭൂമിക്ക് പിറകെ എത്രയാണ് യുദ്ധവും-വഴക്കുമടിക്കുന്നത്. അവിടെ മുഴുവൻ ഭൂമിയും നിങ്ങളുടേതായിരിക്കും. എത്ര രാത്രിയും പകലിന്റേയും വ്യത്യാസമാണ്. അത് ലൗകീക അച്ഛൻ, ഇത് പാരലൗകീക അച്ഛൻ. പാരലൗകീക അച്ഛൻ കുട്ടികൾക്ക് എന്താണ് നൽകാത്തത്. അരകൽപം നിങ്ങൾ ഭക്തി ചെയ്യുന്നു. ബാബ വ്യക്തമായി പറയുകയാണ് ഇതിലൂടെ മുക്തി ലഭിക്കുകയില്ല അർത്ഥം ഞാനുമായി കണ്ട്മുട്ടുന്നില്ല. നിങ്ങൾ മുക്തിധാമത്തിലാണ് ഞാനുമായി സംബന്ധിക്കുന്നത്. ഞാനും മുക്തിധാമത്തിലാണ് നിവസിക്കുന്നത്. നിങ്ങളും മുക്തിധാമത്തിലാണ് നിവസിക്കുന്നത് പിന്നീട് അവിടെ നിന്ന് സ്വർഗ്ഗത്തിലേക്ക് പോകുന്നു. അവിടെ സ്വർഗ്ഗത്തിൽ ഞാനുണ്ടായിരിക്കില്ല. ഇതും ഡ്രാമയാണ്. വീണ്ടും അതുപോലെ തന്നെ ആവർത്തിക്കപ്പെടും പിന്നീട് ഈ ജ്ഞാനം മറന്ന് പോകും. പ്രായഃലോപമാകും. ഏത് വരെ സംഗമയുഗം വരുന്നില്ലയോ അതുവരെ ഗീതാ ജ്ഞാനമുണ്ടാകുക എങ്ങനെ സാധിക്കും. ബാക്കി എന്തെല്ലാം ശാസ്ത്രങ്ങളാണോ ഉള്ളത്, അതെല്ലാമാണ് ഭക്തി മാർഗ്ഗത്തിന്റെ ശാസ്ത്രം.

ഇപ്പോൾ നിങ്ങൾ ജ്ഞാനം കേട്ടുകൊണ്ടിരിക്കുന്നു. ഞാൻ ബീജരൂപനാണ്, ജ്ഞാനത്തിന്റെ സാഗരനാണ്. നിങ്ങളെ കൊണ്ട് യാതൊന്നും ചെയ്യിക്കുന്നില്ല, കാല് പിടിക്കാനും അനുവദിക്കുന്നില്ല. ആരുടെ കാല് പിടിക്കും. ശിവബാബയ്ക്കാണെങ്കിൽ കാലില്ല. അതപ്പോൾ ബ്രഹ്മാവിന്റെ കാലുപിടിക്കലാകും. ഞാനാണെങ്കിൽ നിങ്ങളുടെ അടിമയാണ്. ബാബയെ പറയുന്നത് നിരാകാരി, നിരഹങ്കാരി എന്നാണ്, അതും

എപ്പോഴാണോ ബാബ പാർട്ടിലേക്ക് വരുന്നത് അപ്പോഴാണ് നിരഹങ്കാരിയെന്ന് പറയുക. ബാബ നിങ്ങൾക്ക് അളവറ്റ ജ്ഞാനം നൽകുന്നു. ഇതാണ് അവിനാശീ ജ്ഞാന രത്നങ്ങളുടെ ദാനം. പിന്നീട് ആര് എത്ര എടുക്കുന്നോ. അവിനാശീ ജ്ഞാന രത്നം എടുത്ത് മറ്റുള്ളവർക്ക് ദാനം നൽകിക്കൊണ്ട് പോകൂ. ഈ രത്നങ്ങളെ പ്രതി തന്നെയാണ് പറയുന്നത്– ഓരോ–ഓരോ രത്നവും ലക്ഷങ്ങളുടേതാണ്. ചുവട്–ചുവടിൽ കോടി നൽകുന്നയാൾ ഒരേ–ഒരു ബാബ മാത്രമാണ്. സേവനത്തിന് മേൽ വലിയ ശ്രദ്ധ വേണം. നിങ്ങളുടെ ചുവട് ഓർമ്മയുടെ യാത്രയുടേതാണ്, അതിലൂടെ നിങ്ങൾ അമരൻമാരായി തീരുന്നു. അവിടെ മരണം തുങ്ങിയവയുടെ ചിന്ത ഉണ്ടായിരിക്കില്ല. ഒരു ശരീരം വിട്ടു അടുത്തതെടുത്തു. മോഹജീത്ത് രാജാവിന്റെ കഥയും കേട്ടിട്ടുണ്ടായിരിക്കും. ഇത് ബാബയിരുന്ന് മനസ്സിലാക്കി തരികയാണ്. ഇപ്പോൾ ബാബ നിങ്ങളെ അങ്ങനെയാക്കുന്നു, ഇപ്പോഴത്തെ തന്നെ കാര്യമാണ്.

രക്ഷാബന്ധനത്തിന്റെ ഉത്സവവും ആഘോഷിക്കുന്നുണ്ട്. ഇത് എപ്പോഴത്തെ അടയാളമാണ്? എപ്പോഴാണ് ഭഗവാൻ പറഞ്ഞത് പവിത്രമാകൂ എന്ന്? മനുഷ്യർക്കിത് എന്തറിയാനാണ് അതായത് പുതിയ ലോകമാകുന്നത് എപ്പോഴാണ്, പഴയ ലോകമാകുന്നത് എപ്പോഴാണ്? ഇതും ആർക്കും അറിയില്ല. ഇത്ര മാത്രം പറയുന്നുണ്ട് അതായത് ഇപ്പോൾ കലിയുഗമാണ്. സത്യയുഗം ഉണ്ടായിരുന്നു, ഇപ്പോഴില്ല. പുനർജന്മത്തെയും അംഗീകരിക്കുന്നുണ്ട്. 84 ലക്ഷമെന്ന് പറയുന്നുണ്ട് അപ്പോൾ പുൻജന്മമായില്ലേ. നിരാകാരനായ പിതാവിനെ എല്ലാവരും ഓർമ്മിക്കുന്നുണ്ട്. അതാണ് എല്ലാ ആത്മാക്കളുടെയും പിതാവ്, ആ അച്ഛൻ വന്ന് മനസ്സിലാക്കി തരുന്നു. ദേഹധാരി അച്ഛൻമാർ ധാരാളമുണ്ട്. മൃഗങ്ങളും തന്റെ കുട്ടികളുടെ അച്ഛനാണ്. ബാബയെ മൃഗങ്ങളുടെ പിതാവാണെന്ന് പറയില്ല. സത്യയുഗത്തിൽ ഒരഴുക്ക് കൊട്ടയും ഉണ്ടായിരിക്കില്ല. ഏതുപോലെയാണോ മനുഷ്യർ അതുപോലെയായിരിക്കും ഫർണിച്ചറുകളും. അവിടെ പക്ഷി മുതലായവ പോലും ഫസ്റ്റ്ക്ലാസ്സ് സുഗന്ധമുള്ളവയായിരിക്കും. എല്ലാം നല്ല–നല്ല വസ്തുക്കളായിരിക്കും. അവിടുത്തെ ഫലം എത്ര മധുരവും വലുതുമായിരിക്കും. പിന്നീട് അതെല്ലാം എവിടേക്ക് പോകുന്നു! മധുരം പോയി കയ്പ്പ് വരുന്നു. തേഡ്ക്ലാസ്സാകുമ്പോൾ വസ്തുക്കളും തേഡ്ക്ലാസ്സാകുന്നു. സത്യയുഗമാണ് ഫസ്റ്റ്ക്ലാസ്സ് അപ്പോൾ എല്ലാവസ്തുക്കളും ഫസ്റ്റ്ക്ലാസ്സായത് ലഭിക്കുന്നു. കലിയുഗത്തിലാണ് തേഡ്ക്ലാസ്സ്. എല്ലാ വസ്തുക്കളും സതോ, രജോ, തമോ...... യിലൂടെ കടന്നു പോകുന്നുണ്ട്. ഇവിടെയാണെങ്കിൽ ഒരു രസവുമില്ല. ആത്മാവും തമോപ്രധാനമാണ് അതുകൊണ്ട് ശരീരവും തമോപ്രധാനമാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനമുണ്ട്, അത് എവിടെക്കിടക്കുന്നു, ഇതെവിടെക്കിടക്കുന്നു, രാത്രിയും പകലിന്റെയും വ്യത്യാസമുണ്ട്. ബാബ നിങ്ങളെ എത്ര ഉയർന്നതാക്കുന്നു. എത്രത്തോളം ഓർമ്മിക്കുന്നോ, ഹെൽത്തും–വെൽത്തും (ആരോഗ്യവും–സമ്പത്തും) രണ്ടും ലഭിക്കും. വേറെന്ത് വേണം. രണ്ട് വസ്തുക്കളിലും ഏതെങ്കിലും ഒന്നില്ലെങ്കിൽ ഹാപ്പിനസ്(സന്തോഷം) ഉണ്ടായിരിക്കില്ല. കരുതൂ ആരോഗ്യമുണ്ട്, സമ്പത്തില്ലെങ്കിലൽ എന്തിന് പറ്റും. ചൊല്ലുമുണ്ട് – പണമുണ്ടെങ്കിൽ ഉലകം ചുറ്റി വരൂ . കുട്ടികൾ മനസ്സിലാക്കുന്നുണ്ട് – ഭാരതം സ്വർണ്ണത്തിന്റെ പക്ഷിയായിരുന്നു, ഇപ്പോൾ സ്വർണ്ണമെവിടെ. സ്വർണ്ണം, വെള്ളി, ചെമ്പായി, ഇപ്പോഴാണെങ്കിൽ കടലാസ് തന്നെ കടലാസാണ്. കടലാസ് വെള്ളത്തിൽ ഒഴുകി പോയാൽ പണം എവിടെ നിന്ന് ലഭിക്കും. സ്വർണ്ണം വളരെ ഭാരമുള്ളതായിരിക്കും, അത് അവിടെ തന്നെയിരിക്കുന്നു. അഗ്നിക്കും സ്വർണ്ണത്തെ കത്തിക്കാൻ സാധിക്കില്ല. അതുകൊണ്ട് ഇവിടെയെല്ലാം ദുഃഖത്തിന്റെ കാര്യങ്ങളാണ് ഉള്ളത്. അവിടെ ഇത്തരം കാര്യങ്ങൾ ഉണ്ടായിരിക്കില്ല. ഇവിടെ ഈ സമയം അപാര ദുഃഖമാണുള്ളത്. ബാബ വരുന്നത് തന്നെ അപ്പോഴാണ് എപ്പോഴാണോ അപാര ദുഃഖമുള്ളത്, നാളെ വീണ്ടും അപാര സുഖമാകും. ബാബ കൽപ–കൽപം വന്ന് പഠിപ്പിക്കുന്നു, ഇതൊരു പുതിയ കാര്യവുമല്ല. സന്തോഷത്തിൽ കഴിയണം. സന്തോഷം തന്നെ സന്തോഷം, ഇത് അന്തിമത്തിലെ കാര്യമാണ്. അതീന്ദ്രിയ സുഖം ഗോപ–ഗോപികമാരോട് ചോദിക്കൂ. അന്തിമത്തിൽ നിങ്ങൾ വളരെ നല്ല രീതിയിൽ മനസ്സിലാക്കുന്നു.

യഥാർത്ഥ ശാന്തിയെന്ന് എന്തിനെയാണ് പറയുന്നത്, ഇത് ബാബ മാത്രമാണ് പറഞ്ഞ് തരുന്നത്. നിങ്ങൾ ബാബയിൽ നിന്ന് ശാന്തിയുടെ സമ്പത്തെടുക്കുന്നു. ബാബയെ എല്ലാവരും ഓർമ്മിക്കുന്നു. ബാബ ശാന്തിയുടെ സാഗരനാണ്. ബാബ മനസ്സിലാക്കി തരുന്നു എന്റെ അടുത്തേക്ക് ആർക്ക് വരാൻ സാധിക്കും. ഇന്ന–ഇന്ന ധർമ്മം ഇന്ന–ഇന്ന സമയത്തിൽ വരുന്നു. സ്വർഗ്ഗത്തിൽ വരാൻ സാധിക്കില്ല. ഇപ്പോൾ സധു–സന്യാസിമാർ ധാരാളം പേർ വന്നിട്ടുണ്ട് അതുകൊണ്ട് അവരുടെ മഹിമ ഉണ്ടാകുന്നു. പവിത്രമാണെങ്കിൽ അവരുടെ മഹിമ തീർച്ചയായും ഉണ്ടാകണം. ഇപ്പോൾ പുതിയതായി ഇറങ്ങി വന്നതാണ്. പഴയവരുടേതാണെങ്കിൽ ഇത്രയും മഹിമ ഉണ്ടാകുക സാധ്യമല്ല. അവർ സുഖം അനുഭവിച്ച് തമോപ്രധാനത്തിലേക്ക് പോയിരിരിക്കുന്നു. എത്രയധികം ഗുരുക്കൻമാർ ഏതേതെല്ലാം തരത്തിലുള്ളവരാണ് ്വന്ന് പോകുന്നത്, ഈ പരിധിയില്ലാത്ത വൃക്ഷത്തെ ആരും അറിയുന്നില്ല. ബാബ മനസ്സിലാക്കി തരുന്നു

ഭക്തിയുടെ സാമഗ്രികൾ ഇത്രയുമുണ്ട്, എത്രത്തോളമാണോ വൃക്ഷം പടർന്ന് പന്തലിച്ചിരിക്കുന്നത്. ജ്ഞാനം വിത്ത് എത്ര ചെറുതാണ്. ഭക്തിക്ക് അരകല്പമെടുക്കുന്നു. ഈ ജ്ഞാനമാണെങ്കിൽ കേവലം ഈ ഒരു അന്തിമ ജന്മത്തേക്കുള്ളതാണ്. ജ്ഞാനത്തെ പ്രാപ്തമാക്കി നിങ്ങൾ അരകൽപ്പത്തേക്ക് അധികാരിയാകുന്നു. ഭക്തി അവസാനിക്കുന്നു, പകലാകുന്നു. ഇപ്പോൾ നിങ്ങൾ സദാ കാലത്തേക്ക് ഹർഷിതമാകുന്നു, ഇതിനെയാണ് പറയുന്നത് ഈശ്വരന്റെ അവിനാശീ ലോട്ടറി. അതിന് വേണ്ടി പുരുഷാർത്ഥം ചെയ്യേണ്ടതാണ്. ഈശ്വരീയ ലോട്ടറിയിലും ആസുരീയ ലോട്ടറിയിലും എത്ര വ്യത്യാസമാണുള്ളത്. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായകുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും ആത്മീയഅച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1) നിങ്ങളുടെ ഓർമ്മയുടെ ഓരോ ചുവടിലും കോടികളുണ്ട്, ഇതിലൂടെ തന്നെ അമരപദവി പ്രാപ്തമാക്കണം. അവിനാശീ ജ്ഞാന രത്നം ഏതൊന്നാണോ ബാബയിൽ നിന്ന് ലഭിക്കുന്നത്, അതിന്റെ ദാനം ചെയ്യണം.

2) ആത്മ-അഭിമാനിയായി അപാര സന്തോഷത്തിന്റെ അനുഭവം ചെയ്യണം. ശരീരങ്ങളോടുള്ള മോഹം ഇല്ലാതാക്കി സദാ ഹർഷിതമായി കഴിയണം, മോഹജീത്താകണം.

## വരദാനം:- ഓരോ നിമിഷത്തെയും അന്തിമ നിമിഷമെന്ന് മനസ്സിലാക്കി സദാ ആത്മീയ രസത്തിന്റെ അനുഭവം ചെയ്തുകൊണ്ടിരിക്കുന്ന വിശേഷാത്മാവായി ഭവിക്കട്ടെ.

സംഗമയുഗം ആത്മീയ രസത്തിലിരിക്കാനുള്ള യുഗമാണ്, അതിനാൽ ഒരിക്കലും യാതൊരു പരിതസ്ഥിതിയിലോ പരീക്ഷയിലോ ആശയക്കുഴപ്പത്തിൽ വരരുത് എന്തുകൊണ്ടെന്നാൽ ഈ സമയം അകാലമൃത്യുവിന്റേതാണ്. അല്പസമയം പോലും രസത്തിന് പകരം ആശയക്കുഴപ്പത്തിൽ വന്നാൽ ആ സമയം തന്നെ അന്തിമ സമയം വന്നുപെട്ടാൽ അന്തിമ മനം പോലെ ഗതിയാണെങ്കിൽ എന്തായിരിക്കും. അതിനാലാണ് എവർറെഡിയുടെ പാഠം പഠിപ്പിക്കുന്നത്. ഒരു സെക്കന്റ് പോലും ചതിയിൽ പെടുത്തുന്നതാകാം. അതിനാൽ സ്വയത്തെ വിശേഷ ആത്മാവെന്ന് മനസ്സിലാക്കി ഓരോ സങ്കൽപവും വാക്കും കർമ്മവും ചെയ്യൂ ഒപ്പം ആത്മീയ രസത്തിലിരിക്കൂ.

## സ്ലോഗൻ:- അചഞ്ചലരായിരിക്കണമെങ്കിൽ വ്യർത്ഥത്തെയും അശുഭത്തെയും സമാപ്തമാക്കൂ.